**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 474** **16-03-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ആരോഗ്യ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുതിയ കാല സാമൂഹിക പശ്ചാത്തലത്തിൽ കുട്ടികളുടെ ശാരീരിക, സാമൂഹിക, മാനസിക ആരോഗ്യ വികസനത്തിന് കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കുട്ടികളുടെ ശാരീരിക, സാമൂഹിക, മാനസിക ആരോഗ്യ വികസനത്തിന് കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമഗ്രമായി തയ്യാറാക്കുന്ന സ്കൂൾ ആരോഗ്യ പദ്ധതിയിലൂടെയുള്ള വിവിധ ഇടപെടലുകൾ സ്കൂൾ കുട്ടികളുടെ ശാരീരിക മാനസിക പരിപോഷണത്തിനും ശാക്തീകരണത്തിനും സഹായകരമാകുന്നതാണ്. |
| (ബി) | കുട്ടികളുടെ സമഗ്രമായ ശാരീരിക, മാനസിക ആരോഗ്യ വികസനത്തിനായി സ്കൂൾ ആരോഗ്യ പരിപാടി ആവിഷ്കരിക്കുവാൻ ആരോഗ്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ്കൂൾ കുട്ടികളുടെ സമഗ്രമായ ആരോഗ്യ പുരോഗതിയും ക്ഷേമവും ലക്ഷ്യമിട്ട് നൂതനമായ സ്കൂൾ ആരോഗ്യ പദ്ധതി രൂപീകരിച്ച് വരുന്നു. ഇതിലൂടെ കുട്ടികളുടെ ആരോഗ്യ സ്ക്രീനിംഗ്, ശാരീരിക മാനസിക സാമൂഹിക ആരോഗ്യ മേഖലകളിൽ വിശദമായ ബോധവൽക്കരണം നൽകുക, സ്വഭാവ രൂപീകരണം വരുത്തുക, അയൺ ഗുളിക വിര നിർമ്മാർജന ഗുളിക, സാനിട്ടറി നാപ്കിൻ മുതലായവ കുട്ടികൾക്ക് നൽകുക, ഇലക്ട്രോണിക് ആരോഗ്യ രേഖകൾ തയ്യാറാക്കുക, പ്രഥമ ശുശ്രൂഷ നൈപുണ്യം അദ്ധ്യാപകർക്കും കുട്ടികൾക്കും നൽകുക എന്നീ അഞ്ചു പ്രധാന മേഖലകളിൽ ഉൾപ്പെടുന്ന വിശദ പരിപാടികളും ഘടകങ്ങളും കൂട്ടി ചേർത്തായിരിക്കും പദ്ധതി രൂപീകരിക്കുന്നത്. |
| (സി) | വിദ്യാഭ്യാസ കാലത്ത് തന്നെ സാമൂഹിക വെല്ലുവിളികളെ അതിജീവിച്ച് കഴിവുകൾ വികസിപ്പിക്കുന്നതിന് ഉപകരിക്കുന്ന തരത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | വിദ്യാർത്ഥി ജീവിതത്തിലെ വിവിധ സാമൂഹിക വെല്ലുവിളികളെ പ്രധാന ജീവിത നൈപുണികൾ ഉപയോഗിച്ച് അതിജീവിക്കാനുള്ള കഴിവും ആത്മവിശ്വാസവും എല്ലാ വിദ്യാർത്ഥികളിലും സൃഷ്ടിക്കത്തക്ക രീതിയിൽ നൂതനമായ സ്കൂൾ ആരോഗ്യ പദ്ധതി നടപ്പിലാക്കും. ജീവിത നൈപുണി വികാസം അധിഷ്ഠിതമായ സമീപനത്തോട് കൂടിയുള്ള ക്ലാസുകൾ, ചർച്ചകൾ, മത്സരങ്ങൾ, |

| | | | |
|---|---|---|---|
| | | | കലാപരിപാടികൾ, കൗമാര ആരോഗ്യ ദിനങ്ങൾ, ആരോഗ്യ ക്ലബ് പ്രവർത്തനങ്ങൾ, മുതലായവ വഴി വിദ്യാർത്ഥികളുടെ സാമൂഹ്യ അവബോധം വർദ്ധിപ്പിക്കും. |
| (ഡി) | പദ്ധതിയുടെ ഭാഗമായി സ്കൂളുകളും സ്ഥലത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളും തമ്മിൽ നിരന്തര പ്രവർത്തനബന്ധം ഉണ്ടാക്കുവാനും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രാഥമിക ചികിത്സയിൽ പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | നവീന സ്കൂൾ ആരോഗ്യ പദ്ധതിയുടെ പ്രവർത്തനത്തിൽ അതാത് പ്രദേശത്തുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾ എന്നിവയും സ്കൂളുകളും തമ്മിൽ അടുത്ത ബന്ധം പരസ്പരം ഉണ്ടാകുന്നതായിരിക്കും. ഇതിന്റെ ഭാഗമായി ഈ കേന്ദ്രങ്ങളിൽ സ്ഥാപനങ്ങളുടെ പരിധിയിലുള്ള സ്കൂളുകളുടെ പൂർണ്ണവിവരം, (ഹെൽത്ത്& വെൽനസ്സ് അംബാസഡർ ഹെൽത്ത് & വെൽനസ്സ് മെന്റർ, കുട്ടി ഡോക്ടർ, ഹെൽത്ത് ക്ലബ് അംഗങ്ങൾ മുതലായവരുടെ പേര് വിവരങ്ങൾ, ഫോൺ നമ്പർ എന്നിവ അടങ്ങിയ ഡേറ്റാ ബെയ്സ്) തയ്യാറാക്കും. വിദ്യലയങ്ങളിൽ ആരോഗ്യ സ്ഥാപനങ്ങളുടെയും പ്രവർത്തകരുടെയും വിവരങ്ങൾ സൂക്ഷിക്കുന്നതായിരിക്കും. സ്ഥാപനങ്ങളുടെ സന്ദർശനങ്ങൾ (നിരീക്ഷണ സന്ദർശനങ്ങൾ), ക്യാമ്പുകൾ കൂട്ടായ പ്രവർത്തനങ്ങൾ മുതലായവ പരിഗണിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ